**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2706** **02-08-2021 - ൽ മറുപടിയ്ക്ക്**

**ഗൃഹശ്രീ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വീടില്ലാത്തവർക്ക് വീട് നിർമ്മിക്കുന്നതിനായി സംസ്ഥാന ഭവന നിർമ്മാണ ബോർഡ് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത് എന്നറിയിക്കാമോ; | (എ) | വീടില്ലാത്തവർക്ക് വീട് നിർമ്മിക്കുന്നതിനായി ഗൃഹശ്രീ ഭവന പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) | ഗൃഹശ്രീ പദ്ധതി പ്രകാരം സംസ്ഥാനത്താകെ എത്ര വീടുകൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്; ഇതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നറിയിക്കാമോ; | (ബി) | 2021-22 വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുകയായ 20 കോടി രൂപ ഉപയോഗിച്ച് 1000 വീടുകൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്.സ്വന്തമായി 2 സെന്റ് ഭൂമിയെങ്കിലും കൈവശമുള്ള ദുർബല വിഭാഗം (EWS) / താഴ്ന്ന വരുമാന വിഭാഗം (LIG) ത്തിൽപ്പെട്ടവരെ സന്നദ്ധ സംഘടന/ എൻ.ജി.ഒ/ കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവരുടെ സഹകരണത്തോടെ വീട് നിർമ്മാണത്തിനായി 2 ലക്ഷം രൂപ സർക്കാർ സബ്സിഡി നൽകുന്ന പദ്ധതിയാണ് ഗൃഹശ്രീ ഭവന പദ്ധതി. സന്നദ്ധ സംഘടനകൾ/NGO/ സ്പോൺസർ ചെയ്യാൻ തയ്യാറായിട്ടുള്ള ഗുണഭോക്താക്കളുടെ പട്ടികയിൽ നിന്നും പദ്ധതിയ്ക്കായി നിഷ്കർഷിച്ചിട്ടുള്ള വിഭാഗത്തിലും വരുമാന പരിധിയിലുംപ്പെട്ട യോഗ്യരായവരെ അർഹതാമാനദണ്ഡം പരിശോധിച്ച് ബോർഡ് നിഷ്കർഷിച്ചിട്ടുള്ള ചുവടെ ചേർത്തിരിക്കുന്ന രേഖകളുടെ അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. 1. ആധാർകാർഡ്/ഫോട്ടോ പതിപ്പിച്ച തിരിച്ചറിയൽ കാർഡ് 2 വരുമാനസർട്ടിഫിക്കറ്റ്(വില്ലേജ് ഓഫീസറിൽ നിന്ന് ലഭിച്ചത്) 3. വസ്തുവിന്റെ കൈവശാവകാശ സർട്ടിഫിക്കറ്റ്(വില്ലജ് ഓഫീസിൽ നിന്ന്) 4. വസ്തുവിന്റെ ലൊക്കേഷൻ സർട്ടിഫിക്കറ്റ്(വില്ലേജ് ഓഫീസിൽ നിന്ന്) 5. വസ്തുവിന്റെ പ്രമാണത്തിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് 6. റേഷൻ കാർഡ് സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് 7. വസ്തുവിന് ബാധ്യതകൾ ഇല്ലായെന്ന് |

| | | | |
|---|---|---|---|
| | | | തെളിയിക്കുന്നതിനാവശ്യമായ കുടിക്കട സർട്ടിഫിക്കറ്റ്(സബ് രജിസ്റ്റാർ ഓഫീസിൽ നിന്നും) 8. അപേക്ഷകനും കുടുംബത്തിനും വാസയോഗ്യമായ വീട് ഇല്ലായെന്നുള്ള ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി/വില്ലേജ് ഓഫീസർ എന്നിവരിൽ നിന്നുള്ള സർട്ടിഫിക്കറ്റ് 9. സ്ഥലം പോക്കുവരവ് ചെയ്ത് ശേഷം കരം തീർത്ത രസീതും തണ്ടപ്പേർ സർട്ടിഫിക്കറ്റ് 10. ബാങ്ക് പാസ്സ് ബുക്കിന്റെ അക്കൗണ്ട് നമ്പരും ഗുണഭോക്താവിന്റെ പേരും ബാങ്കിന്റെ IFS Code ഉം വ്യക്തമാക്കുന്ന പേജിന്റെ പകർപ്പ് 11. ജാതി തെളിയിക്കുന്നതിനായുള്ള സർട്ടിഫിക്കറ്റ് (SC/ST വിഭാഗത്തിനു മാത്രം) 12. വീടിന്റെ തറ വിസ്തീർണ്ണം 83.ചതുരശ്ര മീറ്ററിൽ അധികമാകാത്ത അംഗീകരിച്ച പ്ലാൻ (Building permit)ഒന്നാം ഗഡു ലഭിക്കുന്നതിന് മുമ്പായി ഹാജരാക്കേണ്ടതാണ്. |
| (സി) | 2020-21 വർഷത്തിൽ കോഴിക്കോട് ജില്ലയിൽ ഗൃഹശ്രീ പദ്ധതി പ്രകാരം എത്ര വീടുകൾ അനുവദിച്ചിട്ടുണ്ട്; ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | 2020-21 വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ 20 കോടി രൂപയിൽ കോഴിക്കോട് ജില്ലയിൽ നിന്നും ബോർഡിൽ ലഭിച്ച അപേക്ഷകൾ പ്രകാരം 92 ഗുണഭോക്താക്കളെ തിരഞ്ഞെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ